# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph:0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 21-07-2013

### ഹയർസെക്കന്ററി അധ്യാപക നിയമത്തിനുള്ള മാർഗരേഖ

# വിദ്യാഭ്യാസ മന്ത്രി അഴിമതിക്ക് കൂട്ടുനിൽക്കുന്നു

## കെ.എസ്.ടി.എ

ഹയർസെക്കന്ററി അധ്യാപക നിയമനത്തിലെ അഴിമതി നിയന്ത്രിക്കാൻ ഡയറക്ടറേറ്റ് പ്രസിദ്ധീകരിച്ച പുതിയ മാർഗനിർദ്ദേശങ്ങൾ മരവിപ്പാക്കുനുള്ള മന്ത്രിയുടെ നീക്കത്തിൽ കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ശക്തമായി പ്രതിഷേധിച്ചു.

ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് ഒന്നരക്കോടി രൂപ വരെ ചോദിച്ചുവാങ്ങുന്നുവെന്ന ആരോപണം ശരിവെക്കുന്നതാണ് മന്ത്രിയുടെ പ്രസ്താവന. 25 ലക്ഷം രൂപ വരെ അധ്യാപക നിയമനത്തിന് ഈടാക്കുകയാണ്. ശരാശരി 25 അധ്യാപക നിയമനങ്ങളാണ് ഹയർസെക്കന്ററി സ്കൂളുകളിൽ നടക്കുന്നത്. പുതിയതായി സ്കൂളുകൾ അനുവദിക്കുന്നതിലൂടെ ആയിരം കോടി രൂപയുടെ അഴിമതിക്കാണ് കളമൊരുക്കിയിരിക്കുന്നത്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ കന്നട മേഖലയിലെ ഒരു പഞ്ചായത്തിൽ മാത്രമാണ് ഹയർസെക്കന്ററി സ്കൂൾ ഇല്ലാത്തത്. സൗകര്യമുള്ള എല്ലാ സർക്കാർ ഹൈസ്കൂളുകളും രണ്ട് വർഷങ്ങൾക്ക് മുമ്പ് തന്നെ ഹയർസെക്കന്ററിയായി ഉയർത്തപ്പെട്ടിരുന്നു. എറണാകുളം വരെയുള്ള സ്കൂളുകളിൽ പ്രവേശനം പൂർത്തിയായാലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയാണുള്ളത്. പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിലൂടെ സർക്കാരും മാനേജർമാരും ചേർന്ന് കേരളം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ അഴിമതിക്ക് കളമൊരുക്കുകയാണ്.

അഡീഷണൽ ബാച്ചുകളിൽ രണ്ടായിരത്തിലധികം തസ്തികകൾ അനുവദിച്ചത് തന്നെ മാനേജ്മെന്റുകളുമായിട്ടുള്ള വിലപേശലിന്റെ ഭാഗമായിട്ടാണ്. ഇതിനായി സ്കൂളനുവദിപ്പോൾ തന്നെ തസ്തികയുമനുവദിച്ച എൽ ഡി എഫ് സർക്കാരിന്റെ ഉത്തരവ് ഈ സർക്കാർ മരവിപ്പിച്ചിരുന്നു. 2011 ൽ നിയമിച്ച അധ്യാപകർക്ക് 2013 ഫെബ്രുവരിയിൽ മാത്രമാണ് സീനിയർ തസ്തിക അനുവദിച്ചത്. മാനേജർമാരിൽ നിന്ന് കിട്ടേണ്ട വിഹിതം കിട്ടാത്തതുകൊണ്ടാണ് ഇങ്ങനെ അധ്യാപകരെ ദ്രോഹിച്ചത്.

തസ്തിക അനുവദിക്കുന്നതിന് മുമ്പ് നിയമനം പാടില്ലെന്നാണ് പുതിയ സർക്കുലറിൽ പറഞ്ഞിരിക്കുന്നത്. യോഗ്യതയുടെ അടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്താനും സർക്കുലർ നിർദ്ദേശിക്കുന്നു. ഇന്റർവ്യൂ നടത്തുന്ന മാനേജർമാർക്ക് 10 മാർക്ക് മാത്രമേ അനുവദിക്കാനാവൂ എന്നതാണ് മന്ത്രിയെ ചൊടിപ്പിച്ചത്. സുപ്രീം കോടതകി വിധി പ്രകാരം 15 മാർക്കിൽ കൂടുതൽ മാനേജർമാർക്ക് അനുവദിക്കാനാവില്ല. ഉദ്യോഗാർത്ഥികളെ യോഗ്യതയുടെ അടിസ്ഥാനത്തിലേ പരിഗണിക്കാവൂ എന്നുള്ളത് നിലവിലുള്ള വ്യവസ്ഥയാണ്. ലക്ഷങ്ങൾ ലേലം വിളിച്ച് നിയമനം നടത്തുന്നതിനെ കോടതി കടുത്ത ഭാഷയിൽ വിമർശിച്ചിട്ടുള്ളതാണ്.

മാനേജർമാർക്ക് അഴിമതി നടത്താനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയാണ് മന്ത്രി ഇപ്പോൾ വാദിക്കുന്നത്. നിയമനത്തിലെ അഴിമതിക്ക് കൂട്ട് നിൽക്കുന്ന നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തെ നേരിടേണ്ടി വരുമെന്ന് ജനറൽ സെക്രട്ടറി എം ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി